സെൻറർ കേവലം 13 സെൻറിലാണ് സ്ഥിതി ചെയ്യുന്നത്. ഒരേക്കറെങ്കിലും സ്ഥലം ആവശ്യമാണ്. യൂണിവേഴ്സിറ്റിയോട് ചോദിച്ചിട്ടുണ്ട്. ഇപ്പോൾ ഡിസ്പെൻസറിയിരിക്കുന്ന സ്ഥലത്ത് യൂണിവേഴ്സിറ്റി ഒരേക്കർ സ്ഥലം നൽകാൻ തയ്യാറായിട്ടില്ല. സ്ഥലം കിട്ടിക്കഴിഞ്ഞാൽ ഉടൻ തന്നെ ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ബഹുമാനപ്പെട്ട മെമ്പർ സിൻഡിക്കേറ്റിലുള്ള ഒരാളാണ്. അദ്ദേഹം കൂടെ ഉൽസാഹിച്ച് യൂണിവേഴ്സിറ്റിയെക്കൊണ്ട് ഒരേക്കർ സ്ഥലം അവിടത്തന്നെ വിടുവിച്ച് തരികയാണെങ്കിൽ അതിനാവശ്യമായ നടപടികളും ഗവൺമെൻറ് സ്വീകരിക്കും.

ശ്രീ. രാഘവൻ പൊഴക്കടവിൽ : യൂണിവേഴ്സിറ്റി ഒരേക്കർ സ്ഥലം തരാമെന്നു സമ്മതിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ആ സ്ഥലം തരാമെന്നു സമ്മതിച്ചിട്ടില്ല. വേറെ എവിടെയെങ്കിലും തരാമെന്നാണ് പറഞ്ഞത്.

III സബ്മിഷൻ

(1) [ശ്രീ. ഇ. പത്മനാഭൻറെ—കോട്ടയ്ക്കൽ ആയുർവേദ കോളേജിൻറെ നാശോൻമുഖമായ നില

ശ്രീ. ഇ. പത്മനാഭൻ : സർ, കോട്ടയ്ക്കൽ ആയുർവേദ കോളേജിൽ ഈ കൊല്ലം പുതിയതായി വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്തിട്ടില്ല. ഇവിടെ എൻട്രൻസ് എക്സാമിനേഷൻ പാസ്സായിട്ടുള്ള കുട്ടികൾക്ക് ആ കോളേജിൽ അഡ്മിഷൻ ലഭിക്കാനുള്ള അവസരം ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻസ് നിർദ്ദേശിക്കുന്ന പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്, മാനേജ്മെൻറ് പരാജയപ്പെട്ടതിൻറെ പേരിലാണ് ഇങ്ങനെ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ഒരു നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. പുതിയ അഡ്മിഷൻ ഇല്ലെന്നു മാത്രമല്ല ഇപ്പോൾ അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുപോലും, സർട്ടിഫിക്കറ്റ് കിട്ടുമോ, അവരുടെ യോഗ്യത അംഗീകരിക്കപ്പെടുമോ എന്നുള്ള കാര്യങ്ങൾ തന്നെ സംശയമായിരിക്കുകയാണ്. അവിടെ ഒരു ആയുർവേദ കോളേജ് എന്നുള്ള നിലയിൽ ഒരു ആശുപത്രിയില്ല. കഴിഞ്ഞ 10 വർഷമായിട്ട് മുഖ്യമന്ത്രിയോ അല്ലെങ്കിൽ ഹെൽത്ത് മിനിസ്റ്ററോ ചെയർമാനായിട്ടുള്ള ഓറിസർച്ച് സൊസൈറ്റിയുടെ പേരിലാണ് ഇത് നടത്തിക്കൊണ്ടു വരുന്നത്. യാതൊരു വിധത്തിലും കോളേജിനു വേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യാത്തതിൻറെ ഫലമായി, പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തതിൻറെ പേരിലാണ് ഇങ്ങനെ ഒരു നിരോധനം വന്നിരിക്കുന്നത്. ഓരോ മെഡിക്കൽ കോളേജിലും പ്രിൻസിപ്പൽമാരാണ് ഇതിൻറെ മേധാവികളായി വർക്കു ചെയ്യുന്നത്. ഈ സ്ഥാപനത്തിലാണെങ്കിൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർ അദ്ദേഹത്തിന് 28 സ്റ്റാഫും. പിന്നെ താമസിക്കാൻ ഒരു വീടും ഒരു കാറും. കൊടുത്തിട്ടാണ് നിൽക്കുന്നത്. എക്സിക്യൂട്ടീവ് ഡയറക്ടർക്കും അവിടെ എസ്റ്റാബ്ലിഷ്മെൻറിനുമായി 10 വർഷം ചെലവാക്കിയിട്ടുള്ള പണമുപയോഗിച്ചാൽ ആ കോളേജിനെ സംപൂർണ്ണമായ ഒരു സ്ഥാപനമാക്കി മാറ്റാമായിരുന്നു. അതിനുള്ള അദ്ധ്യാപകൻമാരില്ല അവിടെ. അത്ര വലിയ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവർത്തിക്കേണ്ട യാതൊരാവശ്യവുമില്ല. വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്, അതുപോലെ തന്നെ കോളേജ് സ്റ്റാഫിൻറെയും

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകരുടെയും സ്ഥിതി. യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയുള്ള യാതൊരു സംവിധാനവും യൂണിവേഴ്സിറ്റിയിൽ പറയുന്ന നിബന്ധനയിൽ ചെയ്യേണ്ടതു് ചെയ്തിട്ടില്ല. 500 രൂപയ്ക്കു്, നാമമാത്രമായ വിലയ്ക്കാണു് നാട്ടുകാർ അവിടെ ഒട്ടേറെ സ്ഥലം നൽകിയിട്ടുള്ളതു്. ആയുർവേദ യൂണിവേഴ്സിറ്റി വരുമെന്നുള്ള വാഗ്ദാനംനൽകിയിട്ടാണു് ഇതു് ചെയ്തതു്. ജനങ്ങളെ പറ്റിക്കുകയാണു്, വിദ്യാർത്ഥികളെ പറ്റിക്കുകയാണു്.

സർ, വടക്കോട്ടാണെങ്കിൽ പണ്ടു് ഷൊർണ്ണൂരിൽ ഒരു ആയുർവേദ കോളേജുണ്ടായിരുന്നു. അതു പൂട്ടി. ഇപ്പോഴും ഈ സ്ഥാപനവും കോട്ടയ്ക്കൽ ആര്യവൈദ്യശാല ട്രസ്റ്റു് നടത്തിയിരുന്നതാണു് അതു്. ഗവൺമെൻറ് ഏറ്റെടുത്തതിനുശേഷം ഇപ്പോഴും അതിൻെറ സ്ഥിതിയും അധോഗതിയിലേക്കാണു്. അവിടെ ആവശ്യമില്ലാത്തിടത്തു് സ്റ്റാഫിനെയും എക്സിക്യൂട്ടീവു് ഡയറക്ടറെയും നിയമിച്ചു. അദ്ദേഹത്തിനു ഇഷ്ടമുള്ള ആളുകളെ അവിടെ നിയമിച്ചുകൊണ്ടിരിക്കയാണു്. അഞ്ചാറു വർഷം മുൻപു് ക്ലാർക്കായിരുന്നവരെല്ലാം ഇപ്പോഴും ഗസറ്റഡു് ഓഫീസറൻമാരായി മാറിയിരിക്കുകയാണു്. ആ സ്ഥാപനം പൂട്ടാൻ പോകുന്നു. അതു നടത്തിക്കൊണ്ടുപോകുന്നതിനു പണമില്ല. കെട്ടിടം പണി ചെയ്തിട്ടില്ല. അങ്ങനെ യാതൊന്നുമില്ലാത്ത ആ സ്ഥിതിക്കു അടിയന്തിരമായി ഒരു പരിഹാരമുണ്ടാക്കണം. വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസത്തിനുള്ള സംവിധാനം അവിടെ ഉണ്ടാക്കണം. അതിനുവേണ്ടി സി. സി. ഐ. എം. പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളെങ്കിലും പാലിക്കണം. അവിടെ ഒരു ഹോസ്പിറ്റലെങ്കിലും പണി കഴിപ്പിക്കണം. ഹെൽത്തു് സെക്രട്ടറി ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവു് കമ്മിറ്റി അവിടെയുണ്ടു്. അതു പൂർണ്ണമായും ഗവൺമെൻറിൻെറ കീഴിലാണു്. ഗവൺമെൻറു് ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടു്. കാപ്പിറ്റലിൽ എക്സ്പെൻറിച്ചറിനു് പണമില്ല എന്നൊക്കെ പറയുന്നതു പരിശോധിക്കണം. ആ സ്ഥാപനം പൂട്ടിയിടാൻ ഇടയാക്കരുതു്. പ്രശസ്തനായ ശ്രീ. എസ്. വാര്യർ ഒരു സൗജന്യമെന്ന നിലയിൽ നടത്തിയിരുന്നതാണു് ഈ സ്ഥാപനം. അതു ഗവൺമെൻറു് ഏറ്റെടുത്തു റിസർച്ചു സെൻററാക്കാമെന്നു പറഞ്ഞു. അവസാനം ആ സ്ഥാപനം പൂട്ടാനുള്ള അവസ്ഥയിലേക്കാണു് നീങ്ങിക്കൊണ്ടിരിക്കുന്നതു്. മുഖ്യമന്ത്രി ഈ കമ്മിറ്റിയുടെ ചെയർമാനാണു്. അദ്ദേഹം ഒരു പ്രാവശ്യമെങ്കിലും ആ കമ്മിറ്റി വിളിച്ചുകൂട്ടി അതിൻെറ പ്രശ്നങ്ങളും പഠിക്കണം ഒരു പ്രാവശ്യമെങ്കിലും ആ കമ്മിറ്റി യോഗത്തിൽ അദ്ദേഹം അദ്ധ്യക്ഷത വഹിക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. ഈ സ്ഥാപനത്തിൻെറ നാശോന്മുഖമായിട്ടുള്ള ഈ ഗതിക്കു് ഒരു മാറ്റം വരുത്താൻ സത്വര നടപടി സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയാണു്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കേരളാ യൂണിവേഴ്സിറ്റി നിർദ്ദേശിച്ചതനുസരിച്ചാണു് ഈ സ്ഥാപനത്തിൽ പ്രവേശനം നിറുത്തിവച്ചിട്ടുള്ളതു്. അവർ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. ആ കമ്മീഷൻ അവിടെയുള്ള സൗകര്യങ്ങളും പരിശോധിച്ചതിനുശേഷം അതിൻെറ റിപ്പോർട്ടു സമർപ്പിക്കും. ആ റിപ്പോർട്ടു് സമർപ്പിച്ചതിനുശേഷം പ്രവേശനമുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുന്നതാണു്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ കോളേജിനു സ്ഥല സൗകര്യം പോര. അതുകൊണ്ടു് പുതിയ കെട്ടിടം പണിയാനാണു് തീരുമാനിച്ചിരിക്കുന്നതു്. അതിൻെറ പണി ആരംഭിച്ചിട്ടുണ്ടു്. അതിൻെറ ഒന്നാം നില പൂർത്തിയായിക്കഴിഞ്ഞാൽ കോളേജു് അവിടേക്കു മാറ്റി ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളുമുണ്ടാക്കാൻ സാധിക്കും. ലൈബ്രറി ഇപ്പോൾത്തന്നെയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ലാബ്രട്ടറിക്കു ആവശ്യമായ എക്യൂപ്പ്മെന്റ്സുണ്ട്. പക്ഷെ അതു ഉപയോഗപ്പെടുത്താനുള്ള സംവിധാനവും സ്ഥലസൗകര്യങ്ങളും ഉണ്ടായിട്ടില്ല. എത്തായാലും ഉടനെതന്നെ അതിന്റെ ഒന്നാം നിലയുടെ പണി പൂർത്തിയാകും. യൂണിവേഴ്സിറ്റി കമ്മീഷൻ വരുമ്പോഴേ അവർക്കു അനുവാദം തരുന്നതിനു ആവശ്യമായ നിലയിലുള്ള സാഹചര്യങ്ങളുണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. ഇ. പത്മനാഭൻ : സർ, ആശുപത്രി ഉണ്ടാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ആശുപത്രി തൽക്കാലം ഇല്ല. കോട്ടയ്ക്കൽ ആശുപത്രി വളരെ വിപുലമായ തോതിൽ നടക്കുന്ന ഒരു ആശുപത്രിയാണ്. പണത്തിന്റെ ലഭ്യതയനുസരിച്ചവിടെ ആശുപത്രിയുടെ പണി ആരംഭിക്കുന്നതായിരിക്കും.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

(2). ശ്രീ. തോമസ് കല്ലംപള്ളിയുടെ—എരുമേലി-ചാലക്കയം റോഡ്.

ശ്രീ. തോമസ് കല്ലംപള്ളി : സർ, സെൻട്രൽ റോഡു ഫണ്ടിൽനിന്നും 50 ലക്ഷം രൂപ 1979-ൽ അനുവദിച്ച ഒരു റോഡാണ് എരുമേലി-ചാലക്കയം റോഡ്. മാറി മാറി വന്ന ഗവൺമെന്റുകൾക്കു ഇതിൽ നിന്നും 50 പൈസ പോലും വാങ്ങാനോ ചെലവു ചെയ്യാനോ കഴിഞ്ഞിട്ടില്ല. ഒരു ദേശീയ നഷ്ടം ഇക്കാര്യത്തിലുണ്ടാക്കുകയാണ്. കാരണം ഗവൺമെന്റിന്റെ കണക്കനുസരിച്ച് ഏതാണ്ട് 25 ലക്ഷം തീർത്ഥാടകർ ഒരു വർഷം എരുമേലിയിൽ വരുന്നുണ്ട്. ഈ 25 ലക്ഷം തീർത്ഥാടകർ റാന്നി വഴിയാണ് ശബരിമലയിലേക്കു പോകുന്നത്. 75 കിലോമീറ്റർ ദൂരം സഞ്ചരിച്ചാണ് ഈ തീർത്ഥാടകർ ആ വഴി പോകുന്നത്. ഇങ്ങനെ പോകുന്നതുകൊണ്ട് ഗവൺമെന്റിന് വളരെ കൂടുതൽ ഇന്ധന നഷ്ടം തന്നെയുണ്ടാകുന്നുണ്ട്. കാരണം എരുമേലി ചാലക്കയം റോഡിന്റെ പണി തീർന്നു കഴിഞ്ഞാൽ 33 കിലോമീറ്റർ യാത്ര ചെയ്താൽ ഈ തീർത്ഥാടകർക്ക് ശബരിമലയിലെത്താം. അതുകൊണ്ട് എരുമേലി-ചാലക്കയം റോഡിന്റെ പണിയും പമ്പാവാലിയുടെ പാലവും അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി എടുക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ കെ. അവുക്കാദർക്കുട്ടിനഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 50 ലക്ഷം രൂപ കേന്ദ്ര സർക്കാർ സെൻട്രൽ റോഡ് ഫണ്ടിൽനിന്നും തരാമെന്നു സമ്മതിച്ചിട്ടില്ല. 1983-ൽ എരുമേലി-ചാലക്കയം റോഡിനു 25 ലക്ഷം രൂപ സി. ആർ. ഫണ്ടിൽ നിന്നും അനുവദിച്ചു. ബാക്കി വരുന്ന തുക, സ്റ്റേറ്റ് ഗവൺമെന്റ് എടുക്കണമെന്നാണ് നിബന്ധന. ഏകദേശം ഒരു കോടിയോളം രൂപ ചെലവു വരുന്ന ഒരു പദ്ധതിക്കു അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് 114.93 ലക്ഷം രൂപക്കു ഭരണാനുമതി നൽകിയിട്ടുണ്ട്. എൻ.എച്ച്. ചീഫ് എഞ്ചിനീയർ ഘട്ടം ഘട്ടമായി സാങ്കേതിക അനുമതിയും നൽകി. അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. ആദ്യഘട്ടത്തിൽ 3150 മീറ്റർ ദൂരം പമ്പാ നദിക്കു കുറുകെയുള്ള പാലവും നാറാണൻ തോടു പാലവും ഒഴികെയുള്ള ജോലിക്ക് 32.54 ലക്ഷം രൂപയ്ക്ക് അനുമതി നൽകി കഴിഞ്ഞു. അതിന്റെ പ്രവർത്തനം നടന്നു കൊണ്ടിരിക്കയാണ്. അതു തീരുന്ന മുറയ്ക്ക് ബാക്കിയുള്ള പ്രവർത്തനം നടത്തും.

LIBRARY ARCHIVES Kerala Legislative Assembly